# 'സ്നേഹം'

## യോഹന്നാൻ 21:15

''അവർ പ്രാതൽ കഴിച്ചശേഷം യേശു ശിമോൻ പത്രൊസിനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു അവൻ: ഉവ്വു, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്നു അവൻ അവനോടു പറഞ്ഞു.''

''യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ എന്നു ചോദിച്ചു'. ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരിൽ മുമ്പനായ പത്രോസിനോട് ചോദിച്ച ചോദ്യം ദൈവമക്കളായ നമ്മോട് ഓരോരുത്തരോടും ചോദിക്കുന്ന ചോദ്യമാണ്. നമ്മുടെ ഭവനങ്ങളിലും, കൂട്ടായ്മകളിലും, സമൂഹത്തിലും നമുക്ക് മറ്റുള്ളവരോടുള്ള സ്നേഹം എങ്ങനെയെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. ആത്മാർത്ഥമായ സ്നേഹം അല്ലെങ്കിൽ നിർവ്യാജമായ സ്നേഹമാണ് കർത്താവ് നമ്മിൽനിന്ന് ആഗ്രഹിക്കുന്നത്. മക്കളോടുള്ള സ്നേഹത്തെപ്പറ്റി സദൃശ. 13-24ൽ പറയുന്നത് - ''വടി ഉപയോഗിക്കാത്തവൻ തന്റെ മകനെ പകെക്കുന്നു; അവനെ സ്നേഹിക്കുന്നവനോ ചെറുപ്പത്തിലേ അവനെ ശിക്ഷിക്കുന്നു''. നമ്മുടെ സ്നേഹം മറ്റുള്ളവരോട് എങ്ങനെയുള്ളതായിരിക്കണമെന്ന് 1കൊരി. 13-ാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ വസിക്കുമ്പോൾ മറ്റുള്ളവരെ സ്നേഹിക്കുവാനും, കരുതുവാനും അവരുടെ ദുഃഖത്തിൽ പങ്കുചേരുവാനും സന്തോഷത്തിൽ അവരോടൊത്ത് സന്തോഷിക്കുവാനും സാധിക്കും. ദൈവവചനത്താൽ ദിനംതോറും പാപങ്ങളെ കഴുകി വെടിപ്പാക്കണം.

കർത്തൃപ്രാർത്ഥനയിൽ പറഞ്ഞിരിക്കുന്നത് - 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതു പോലെ' എന്നാണ്. നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളോട് ക്ഷമിക്കും. നിങ്ങൾ മനുഷ്യരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെയും ക്ഷമിക്കുകയില്ല.
മറ്റുള്ളവരോട് ക്ഷമിക്കണമെങ്കിൽ സ്നേഹം വേണം. നമ്മുടെ ഹൃദയങ്ങളിലെ പക, അസൂയ മുതലായവ നിശ്ശേഷം നീക്കിക്കളയണം. നമ്മുടെ ഹൃദയം ശുദ്ധമാക്കിയാൽ എത്രയധികം ആനന്ദം ഉളവാകുമെന്ന് അനുഭവിച്ചറിയണം.

കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും.

**പരാമർശം :**
**1കൊരിന്ത്യർ 13:5**

**സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല.**

**ബ്രദർ. പി. സി. ചെറിയാൻ അയ്മനം 001**